"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - പാലക്കാട് ജില്ല - ഷോളയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് - ശ്രീമതി. സുധാകുമാരി പി യു - വിന്റെ പ്രൊബേഷൻ കാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1871/2025/LSGD തീയതി,തിരുവനന്തപുരം, 29-07-2025

---

പരാമർശം:-

1. 29.1.2016ലെ സ.ഉ. (എംഎസ്) നം.14/2016/തസ്വഭവ
2. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.05.2016ലെ E2-1129/15 നമ്പർ നിയമന ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട് ജില്ല ജോയിന്റ് ഡയറക്ടറുടെ 24.03.2024ലെ LSGD/JD/PKD/2024-A4 നമ്പർ നടപടി ക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട് ജില്ല ജോയിന്റ് ഡയറക്ടറുടെ 11.06.2024ലെ LSGD/JD/PKD/155/2023-A4 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.04.2025ലെ LSGD/PD/36575/2024-DEC4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. സുധാകുമാരി പി യു - വിന്റെ പ്രൊബേഷൻ കാലം 09.05.2019 മുതൽ 24.03.2023വരെ ദീർഘിപ്പിക്കുന്നതിനുള്ള ശിപാർശ പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2.ശ്രീമതി. സുധാകുമാരി പി യു-ന് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാളെ പരാമർശം (2) പ്രകാരം തെങ്കര ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ നിയമിക്കുകയും ടിയാൾ 09/05/2016 പൂർവാഹ്നത്തിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. ശ്രീമതി. സുധാകുമാരി പി യു - ന്റെ സേവനം 09/05/2016 പൂർവാഹ്നം തീയതി പ്രാബല്യത്തിൽ പരാമർശം (3) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ക്രമവൽക്കരണ തീയതി മുതൽ നിരീക്ഷണകാലം കണക്കാക്കാവുന്നതാണെന്ന് പരാമർശം (3) ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി. സുധാകുമാരി പി യു -ന്റെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും സേവനം തൃപ്തികരമാണെന്നും ഷോളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം

(4) പ്രകാരം 09/05/2018 മുതൽ 08/05/2019 വരെ ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ട്. ടിയാൾ GPF, SLI GIS എന്നിവയിൽ അംഗത്വമെടുക്കുകയും 22/03/2023 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 22.03.2023 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിച്ച പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. സുധാകുമാരി പി യു - വിന്റെ പ്രൊബേഷൻ 23.02.2023 ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിന്, ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 09.05.2019 മുതൽ 24.03.2023വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് ,പാലക്കാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,ഷോളയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീമതി.സുധാകുമാരി പി യു , ക്ലർക്ക് , ഷോളയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.93/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 29-07-2025 18:02:07